## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 396 | 04.02.2020-ൽ മറുപടി നൽകേണ്ടിയിരുന്നത് |
|---|---|

## കേന്ദ്ര സർക്കാർ നൽകുവാനുള്ള നികുതി വിഹിതം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. രാജു എബ്രഹാം | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി. വഴിയും മറ്റ് നികുതി ഇനത്തിലുമായി കേന്ദ്ര സർക്കാർ എത്ര രൂപയാണ് സംസ്ഥാന സർക്കാരിന് നൽകാനുള്ളത് എന്നും എന്നുമുതലുള്ള തുക യാണ് നൽകാനുള്ളത് എന്നും വെളിപ്പെടുത്താമോ; | (എ) | ജി.എസ്.ടി. കോമ്പൻസേഷൻ കേന്ദ്രം നൽകുന്നത് ദ്വൈമാസമായിട്ടാണ്. ഒക്ടോബർ 2019, നവംബർ 2019 എന്നീ മാസങ്ങളിലെ കുടിശ്ശികയായി 1510.76 കോടി രൂപ ലഭിക്കുവാനുണ്ട്. 2019 ഡിസംബർ, 2020 ജനുവരി എന്നീ മാസങ്ങളിലെ ജി.എസ്.ടി. കോമ്പൻസേഷൻ 2020 ഫെബ്രുവരി മാസത്തിലാണ് due ആകുന്നത്. |
| (ബി) | കേന്ദ്ര സർക്കാർ നികുതിയിന ത്തിലുള്ള സംസ്ഥാന വിഹിതം നൽകാതിരിക്കുന്നതിന് എന്തെങ്കിലും കാരണം അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് എന്താണ്; വിശദാംശ ങ്ങൾ ലഭ്യമാക്കാമോ; | (ബി) | GST കോമ്പൻസേഷൻ സെസ്സ് വഴി സ്വരൂപിക്കുന്ന compensation fund-ലെ അപര്യാപ്തതയെ കുറിച്ചും, compensation ഫോർമുല അതിനാൽ പുനപരിശോധിക്കേണ്ട ആവശ്യകതയെ കുറിച്ചും ഗോവയിൽ നടന്ന 38-ാം GST കൗൺസിൽ യോഗത്തിലും, തുടർന്ന് ഡൽഹിയിൽ നടന്ന യോഗത്തിലും കേന്ദ്രം സൂചിപ്പിക്കുകയുണ്ടായി. എന്നാലും എന്തുതന്നെ സാഹചര്യം ഉണ്ടായാലും കോമ്പൻസേഷൻ നൽകുക എന്നത് കേന്ദ്ര ത്തിന്റെ ഭരണഘടനാപരമായ ഉത്തരവാദിത്ത മാണ് എന്നാണ് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ അന്നത്തെ ചർച്ചകളിൽ നിലപാട് എടുത്തത് . |
| (സി) | കേന്ദ്രം നൽകാനുള്ള വിഹിതം എന്നത്തേയ്ക്ക് നൽകും എന്നാണ് കരുതുന്നത്; | (സി) | ഇതു സംബന്ധിച്ച് കേന്ദ്രത്തിൽ നിന്നും അറിയിപ്പൊന്നും ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | കേന്ദ്ര വിഹിതം ലഭിക്കാത്തതിനാൽ ഏതൊക്കെ മേഖലകളിലാണ് സാമ്പത്തിക ബുദ്ധിമുട്ട് വന്നിരിക്കുന്നത്; വിശദീകരിക്കാമോ? | (ഡി) | സർക്കാരിന്റെ സാമ്പത്തികനിലയെ ദോഷകരമായി ബാധിക്കും. |

സെക്ഷൻ ഓഫീസർ